**C 62561** (Pages : 3) Name..............................

Reg. No..............................

# SECOND SEMESTER EXAMINATION, MAY 2019

(CUCBCSS–UG)

B.A./B.Sc.—Malayalam

## MAL 2A 02—MALAYALA SAHITHYAM–II

(2014 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും ½ മാർക്ക് വീതം :

1 കുമാരനാശാൻ മരിച്ച വർഷം ഏത് ?

2 'കുരുക്ഷേത്രം' എന്ന കവിത രചിച്ചതാര് ?

3 മലയാളത്തിൽ ആദ്യമായി ജ്ഞാനപീഠ പുരസ്കാരം ലഭിച്ചതാർക്ക് ?

4 മനുഷ്യകർമ്മങ്ങളിൽ ഏറ്റവും വിശിഷ്ടമായ കർമ്മം ഏതാണ് ?

5 'അനുസരണക്കേടാണ് ഏറ്റവും നല്ല സ്വഭാവം'—ആരുടെ വാക്കുകൾ ?

6 "ഒന്നു മറ്റൊന്നിനെ വഞ്ചിച്ചു വഞ്ചിച്ചു
തന്നഭിലാഷങ്ങൾ നിർവ്വഹിപ്പൂ"
—ഏത് കവിതയിലെ വരികൾ ?

7 'മരപ്പാവകളി'ലെ നായികയുടെ പേരെന്ത് ?

8 മനുഷ്യരുടെ ആത്മീയ പുനർനിർമ്മിതിയ്ക്ക് സഹായകമാകുന്ന വസ്തുതകൾ എന്തൊക്കെയാണ് ?

9 'ചീട്ടുകളിക്കാർ' എന്ന കൃതി എഴുതിയതാര് ?

10 'രാത്രിമഴ' എന്ന കവിത എഴുതിയതാര് ?

(10 × ½ = 5 marks)

II. എല്ലാ ചോദ്യത്തിനും ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്കു വീതം :

11 "ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോദശ വന്നപോലെ പോം"
—ആരുടെ വാക്കുകൾ ? സന്ദർഭം ഏത് ?

Turn over

12 "നരവന്നു മൂടിയ ശിരസ്സിൽ മനസ്സിൽ

നരനായൊരോർമ്മ വിളറുന്നൂ"

—ഈ ആശങ്കക്ക് അടിസ്ഥാനം എന്ത് ?

13 'അറിവിൽ പച്ച, കൈതപ്പൂവിലാതിരാച്ചന്ദ്രൻ

മുറിവിൽ മൂർച്ച, മുളങ്കാടിനു കുറുങ്കുഴൽ

—ഈ പരാമർശം ആരെക്കുറിച്ചാണ് ?

14 "വാദ്യമേളത്തിൻ താളപാതത്തിൽ തലയാട്ടി-

പ്പൂത്ത താഴ്‌വരപോലെ മരുവീ പുരുഷം"

—സന്ദർഭം വിവരിക്കുക.

15 "പൂതലിച്ചുപോയെൻെറയിത്തടി ; കൊതിച്ചാലാ-

കാതലിലുളിനടത്തീടുവാനാവില്ലല്ലോ !"

—ആരുടെ വിചാരം ? വിശദമാക്കുക.

(5 × 2 = 10 marks)

III. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം :

16 "ഒഴിവിടങ്ങൾ പച്ചകൊണ്ടു നിറയ്ക്കുന്നു
കഴുകുന്നു വെയിലിൻെറയുള്ളം"

—സൂചിതം വ്യക്തമാക്കുക.

17 നിലനിൽപ്പിനു വേണ്ടിയുള്ള സമരം മറ്റു ജീവജാലങ്ങളിൽ കാണുന്ന കണക്കല്ല മനുഷ്യൻെറ കാര്യത്തിൽ—വിശദമാക്കുക.

18 നാടകശാലയാകുന്ന ലോകത്തെക്കുറിച്ച് ചങ്ങമ്പുഴ അഭിപ്രായപ്പെടുന്നതെന്ത് ?

19 ദുരന്തം പേറുന്ന സാധാരണ സ്ത്രീകളിൽനിന്ന് നളിനിയെ വ്യത്യസ്തയാക്കുന്ന ഘടകമെന്താണ് ?

20 പാരിസ്ഥിതിക നാശത്തിൻെറ പ്രമുഖ കാരണങ്ങൾ വ്യക്തമാക്കുക.

21 ഇതിഹാസങ്ങളിലെ പാത്രസൃഷ്ടിയെപ്പറ്റി സാമാന്യജനങ്ങൾ ധരിച്ചുവെച്ചിരിക്കുന്നത് എന്തെന്നും അതിനെക്കുറിച്ച് ഇന്നത്തെ സാഹിത്യനിരൂപകന്മാർക്കുള്ള മനോഭാവം എന്തെന്നും വിശദമാക്കുക.

22 ദുര്യോധനൻെറ മരണ സമയത്തെക്കുറിച്ചുള്ള ഇതിഹാസ കവിയുടെ വാക്കുകൾ വ്യക്തമാക്കുക.

(5 × 5 = 25 marks)

IV. ഏതെങ്കിലും **നാല്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക. ഓരോന്നിനും 10 മാർക്ക് വീതം :

23 സീതയുടെ വിചാരങ്ങൾ ഉചിതസന്ദർഭത്തിലാണോ ? നിരൂപിക്കുക.

24 'പട്ടുപാവാട' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

25 'തപൻെറ അമ്മ' എന്ന ലേഖനത്തിലെ ആശയങ്ങൾ ചുരുക്കി എഴുതുക.

26 'സഹ്യൻെറ മകൻ' എന്ന കവിതയിലെ ആന മനുഷ്യകാമനകളുടെ പ്രതീകമാണ്—ശരിയോ ? നിരൂപിക്കുക.

27 പെരും തച്ചൻ എന്ന കവിതയിലെ നാടകീയതയെക്കുറിച്ച് ഉപന്യസിക്കുക.

28 ഇവനെക്കൂടി എന്ന കവിതയിലൂടെ തെളിഞ്ഞുവരുന്ന വൈലോപ്പിള്ളിയുടെ ചിത്രം എന്താണ് ? വിവരിക്കുക.

(4 × 10 = 40 marks)